(സി) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരൂർ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയിലെ ജീവനക്കാർ പ്രതിഷേധപ്രകടനം നടത്തുകയുണ്ടായി.

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് വിവരങ്ങൾ ലഭിച്ചിട്ടില്ല.

(ഇ) കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ് ആയ ശ്രീ. കെ. ആർ അരവിന്ദാക്ഷനെയാണ് ഇപ്പോൾ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

മറൈൻ എൻജിനീയറിംഗ് കോളേജ്

100 [3614] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കൽ തുറമുഖത്തോടനുബന്ധിച്ച് ഒരു മറൈൻ എൻജിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള കണ്ണൂർ സിൽക്കിന്റെ നിർദ്ദേശം ഉണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

സിൽക്കിന്റെ കീഴിലുള്ള അഴീക്കൽ ബോട്ട് ബിൽഡിംഗ് യൂണിറ്റ് ഒരു മറൈൻ എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം, സിൽക്ക് സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ നിർദ്ദേശത്തിൻമേൽ വിശദമായ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പ്രായോഗികമല്ല എന്ന് കണ്ടതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[12-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 3517, 3523, 3530 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly